# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 375 19.03.2018 - ൽ മറുപടിക്ക്

## കെ.എസ്.ടി.പി. റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.ടി. തോമസ് | : | ശ്രീ. ജി. സുധാകരൻ |
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | : | (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| ശ്രീ. സണ്ണി ജോസഫ് | : | |
| ശ്രീ. വി. പി.സജീന്ദ്രൻ | : | |

| | |
|---|---|
| (എ) കെ.എസ്.ടി.പി. റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകളും അഴിമതിയും അന്വേഷിക്കുവാൻ പൊതുമരാമത്ത് വകുപ്പിന് അധികാരമുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഏത് വിധത്തിലുള്ള അന്വേഷണം നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത് ; | (എ) കേരള സംസ്ഥാന ഗതാഗത പദ്ധതി, കേരള പൊതുമരാമത്ത് വകുപ്പിന്റെ ഭാഗമാണ്. അതിനാൽ ഏത് അന്വേഷണത്തിനും പൊതുമരാമത്ത് വകുപ്പിന് അധികാരമുണ്ട്. സ്റ്റിയറിംഗ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ചീഫ് ടെക്നിക്കൽ എക്സാമിനർ കെ. എസ്. ടി. പി പദ്ധതികൾ പരിശോധന നടത്തിയിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പ് വിജിലൻസും, പോലീസ് വിജിലൻസും റോഡ് നിർമ്മാണത്തിൽ ആവശ്യപ്പെടുന്ന പദ്ധതികളിലെ ക്രമക്കേടുകൾ ഉണ്ടോയെന്ന് പരിശോധിച്ചു വരുന്നു. അന്വേഷണ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല. |
| (ബി) ഈ പദ്ധതിയുടെ കീഴിൽ ഏറ്റെടുത്ത് നടത്തുന്ന റോഡ് വികസന പദ്ധതികളിൽ ഇന്ത്യൻ റോഡ്സ് കോൺഗ്രസ് നിർദ്ദേശിച്ചിട്ടുള്ള | (ബി) കെ. എസ്. ടി. പി ഏറ്റെടുത്ത് നടത്തുന്ന റോഡ് വികസന പദ്ധതികളെല്ലാം തന്നെ IRC MORTH നിലവാരത്തിൽ |

മാനദണ്ഡം ബാധകമല്ലേ എന്ന് വ്യക്തമാക്കാമോ ;

Specification അനുസരിച്ചാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

കെ. എസ്. ടി. പി പദ്ധതിയിലുൾപ്പെട്ട റോഡുകളുടെ നിർമ്മാണത്തിൽ IRC - യും MORTH Specification - നും അനുശാസിക്കുന്ന ഗുണനിലവാരം പാലിച്ചിട്ടുണ്ടോയെന്ന്, തിരഞ്ഞെടുക്കപ്പെട്ട ഒരു സ്വതന്ത്ര ക്വാളിറ്റി ആഡിറ്ററെക്കൊണ്ട് പരിശോധിപ്പിക്കണമെന്ന് നിബന്ധനയുണ്ട്.

അതനുസരിച്ച് വിശദമായി ഗുണനിലവാര പരിശോധന നടത്തുന്നതിന് ടെക്നിക്കൽ ആഡിറ്ററെ നിയമിച്ചിട്ടുണ്ട്. പരിശോധന നടന്നു വരുന്നു.

കൂടാതെ പദ്ധതിയിലുൾപ്പെട്ട എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് റോഡ് ഏറ്റെടുക്കുന്നതിനു മുൻപ് വീണ്ടും ഒരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് ടെക്നിക്കൽ ആഡിറ്റ് നടത്തണമെന്നും നിബന്ധന ഉണ്ട്. പ്രസ്തുത സ്വതന്ത്ര ഏജൻസിയെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

(സി) കെ.എസ്.ടി.പി. റോഡ് നിർമ്മാണത്തിന്റെ കൺസൾട്ടന്റും കരാറുകാരുമായി ഒത്തുചേർന്ന് ക്രമക്കേടുകൾ നടത്തുന്നതായ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ ?

(സി) കെ. എസ്. ടി. പി റോഡ് നിർമ്മാണത്തിൽ കൺസൾട്ടന്റും കരാറുകാരുമായി ഒത്തുചേർന്ന് ക്രമക്കേടുകൾ നടത്തുന്നതായുള്ള പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കൺസൾട്ടന്റുമാർ തയ്യാറാക്കിയ ഡി. പി. ആറിൽ നിന്നു വലിയ വ്യതിയാനങ്ങൾ ചില പ്രവൃത്തികളിൽ

ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. വേൾഡ് ബാങ്ക് പദ്ധതിയുടെ ഭാഗമായുള്ള കെ. എസ്. ടി. പി പദ്ധതി സംവിധാനം പൊതുമരാമത്ത് വകുപ്പിന്റെ വെളിയിൽ സ്വകാര്യ കൺസൾട്ടന്റുകൾക്കും, സ്വതന്ത്ര എഞ്ചിനീയർമാർക്കും, വകുപ്പിന് വെളിയിൽ അംഗീകാരം നൽകുന്ന അധികാരികൾക്കും മേൽക്കൈയുള്ളതാണ്. അതിനാൽ സർക്കാരിന് തക്ക സമയത്ത് ഇടപെട്ട് സാധാരണ പൊതുമരാമത്ത് വർക്കുകൾ പോലെ തിരുത്താനും നിയന്ത്രിക്കാനും ചട്ടപ്രകാരം അനുവദിക്കുന്നില്ല. എന്നാൽ അത്യന്തികമായി പരിശോധിക്കാൻ അധികാരം ഉണ്ട്. അതു ഉപയോഗിച്ച് കഴിഞ്ഞകാലത്ത് നിർമ്മാണം നടത്തിയ തിരുവല്ല ബൈപ്പാസ്, പൊൻകുന്നം - തൊടുപുഴ റോഡ് എന്നിവയുടെ ക്രമക്കേടുകൾ ഇപ്പോൾ ഈ സർക്കാർ കണ്ടെത്തി പരിഹാരം കണ്ടു വരുന്നത്. പുനലൂർ - മുവാറ്റുപുഴ റോഡ് പണിയുന്നതിന് ഇപ്പോൾ വേൾഡ് ബാങ്കുമായി ബഹു. മുഖ്യമന്ത്രിയും, ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയും ചർച്ച ചെയ്ത് നിർമ്മിക്കുവാനുള്ള അനുവാദം തത്വത്തിൽ വാങ്ങി കഴിഞ്ഞു.

S. Bindu
**സെക്ഷൻ ഓഫീസർ**